മാതൃഭൂമി

Mathrubhumi Seed

FEDERAL BANK

പ്രസിദ്ധീകരണം

# ആകാശപ്പച്ച

## പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ



മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും
അധ്യാപകരുടെയും പ്രകൃതിസൗഹൃദ
നിലപാടുകൾക്ക് ഒരു ഡിജിറ്റൽ ഇടം


Mathrubhumi SEED
Digital NATURE MAGAZINE
Leaf - 22 JULY 2023

# ആകാശപ്പച്ച

CONTENTS


എഡിറ്റോറിയൽ

കാട്ടിലെക്കാര്യം

സിനിമാപാട്ടിലെ പ്രകൃതി

കേരളം അറിയാൻ

ഇത് അതിശയം തന്നെ

ചിറകുള്ള ചങ്ങാതിമാർ

തെറ്റ് ശരി

ഈ ഫോട്ടോ കാണാം

ലോകം എങ്ങനെ


കൃഷിക്കാര്യം

പൂവറിവ്

വർണച്ചിറക്

കഥ - കവിത


**Cover:** A girl, her face painted as a butterfly, smiles during a parade marking the 100th anniversary of the Chapultepec Zoo, in Mexico Ctiy, Thursday, July 6, 2023. Zoo organizers invited visitors to come dressed as their favorite animal. (AP Photo/Fernando Llano)



# STOP Drug Abuse & Addiction

## വേണ്ട ഒരിക്കൽപ്പോലും!

**സ്കൂ**ൾവർഷം തുടങ്ങിയപ്പോൾ പഠനപ്രവർത്തനങ്ങളോടൊപ്പം നമ്മുടെ സ്കൂളുകളിൽ ഏറ്റവും കൂടുതൽ ചർച്ചചെയ്തത് ലഹരിവിരുദ്ധപ്രവർത്തനങ്ങളെക്കുറിച്ചാണ്. ലഹരിപദാർഥങ്ങളുടെ ഉപയോഗവും അതിന്റെ അപകടങ്ങളും അത്രയധികം വ്യാപിച്ചതിനാലാണ് ഈ ജാഗ്രത. ഒരിക്കൽപ്പോലും ലഹരിവസ്തുക്കൾ ഉപയോഗിക്കില്ല എന്ന ഉറച്ചതീരുമാനമാണ് എല്ലാ വിദ്യാർഥികളും കൈക്കൊള്ളേണ്ടത്. ലഹരിവസ്തുക്കൾ നല്ലതാണെന്ന് പറയുന്നവരെ അകറ്റിനിർത്തണം. മീൻ ചൂണ്ടയിൽ കുരുങ്ങുന്നതുപോലെയാണ് ലഹരിയുടെ ഉപയോഗം. ഒറ്റത്തവണ ഉപയോഗിച്ചാൽ ജീവൻതന്നെ നഷ്ടമാവുന്ന സാഹചര്യങ്ങളിലേക്ക് അത് നമ്മെ എത്തിക്കാനിടയുണ്ട്. രാസലഹരി ഉപയോഗം മരണത്തിലേക്കുള്ള വഴിയാണ്. ആ വഴി വേണ്ട എന്ന് ഉറച്ച തീരുമാനമെടുക്കണം.

എഡിറ്റോറിയൽ

World Tiger Day July 29

# അഭിമാനമായി കടുവകൾ

ഭൂമിയിൽ ശുദ്ധജലലഭ്യത ഉറപ്പാക്കുന്നതിൽ കാടുകൾക്കുള്ള പങ്ക് വളരെ വലുതാണ്. കാടുകൾ ആരോഗ്യത്തോടെ നിലനിൽക്കുന്നതിൽ കടുവകൾക്കുള്ള പങ്കും വലുതാണ്. കടുവ അലറുന്ന കാട് ആരോഗ്യമുള്ള കാടാണ് എന്ന് പറയാറുണ്ട്. കടുവകളുള്ള കാട്ടിൽ സസ്യഭുക്കുകൾ പെരുകി പുൽമേടുകളും അടിക്കാടുകളും ക്രമാതീതമായി നശിക്കുന്ന അവസ്ഥ ഉണ്ടാവില്ല. കടുവകൾ വേട്ടയാടുമ്പോൾ സസ്യഭുക്കുകളിലെ ദുർബലരായ മൃഗങ്ങൾ വേഗത്തിൽ ഇരകളാവും. അവശേഷിക്കുന്ന സസ്യഭുക്കുകൾ കൂടുതൽ ആരോഗ്യമുള്ളവയായിരിക്കും. അങ്ങനെ കടുവകൾ കാടിന്റെ എല്ലാ മേഖലകളെയും ആരോഗ്യത്തോടെ നിലനിർത്തുന്നു. 2023 ഏപ്രിലിലെ കണക്കുപ്രകാരം 3167 കടുവകളാണ് ഇന്ത്യയിലുള്ളത്. ലോകത്ത് ആകെയുള്ള കടുവകളുടെ 75 ശതമാനം വരുമിത്. ജൂലായ് 29-ന് അന്താരാഷ്ട്ര കടുവ ദിനം തീർച്ചയായും നമുക്ക് അഭിമാനത്തോടെ ആഘോഷിക്കാം.



കാട്ടിലെക്കാര്യം

# കാടില്ലെങ്കിൽ അവർ നഗരം കീഴടക്കും!

അരിക്കൊമ്പൻ, ചക്കക്കൊമ്പൻ, പടയപ്പ, പി.ടി. 7 എന്നിങ്ങനെ ഓരോ പേരുകൾ നൽകി നമ്മൾ മനുഷ്യർ, സഹ്യപുത്രന്മാരെ കാടുകളിൽനിന്ന് കാടുകളിലേക്ക് ഓടിക്കുന്നു. വികസനത്തിന്റെ പേരിൽ വനഭൂമിയുടെ മുക്കാൽഭാഗവും മനുഷ്യർ കയ്യടക്കി. വനവിഭവങ്ങളുടെ ദൗർലഭ്യം കാട്ടുമൃഗങ്ങളുടെ അക്രമവാസനയ്ക്ക് കാരണമാകുന്നുണ്ടാവണം.

നമ്മുടെ ബേപ്പൂർസുൽത്താന്റെ ഭാഷയിൽ എല്ലാ ജീവികളും ഭൂമിയുടെ അവകാശികളാണ്. വനത്തിൽ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചും അക്കേഷ്യപോലുള്ള പാഴ്‌വൃക്ഷങ്ങൾ നശിപ്പിച്ചും വനവാസികളെ പുനരധിവസിപ്പിച്ചും പ്രശ്നങ്ങൾക്ക് പരിഹാരം കാണാവുന്നതാണ്. വനം സംരക്ഷിച്ചുകൊണ്ട് വികസനം നടത്തിയില്ലെങ്കിൽ നാളെ നഗരങ്ങൾ വന്യജീവികൾ കയ്യടക്കുന്നത് നമുക്ക് നോക്കിനിൽക്കേണ്ടിവരും.



ഹരിനന്ദൻ എം.ആർ.
ജി.എച്ച്.എസ്.എസ്. തോന്നയ്ക്കൽ
തിരുവനന്തപുരം

കേരളം അറിയാൻ



# ഇല്ലാതാവുമോ ആലപ്പാട് ഗ്രാമം?

**കൊ**ല്ലം ജില്ലയിൽ കരുനാഗപ്പള്ളിക്ക് ഏകദേശം അഞ്ചുകിലോമീറ്റർ പടിഞ്ഞാറുവശത്ത് ടി.എസ്. കനാലിനും അറബിക്കടലിനും ഇടയിൽ സ്ഥിതിചെയ്യുന്ന പ്രകൃതിരമണീയമായ ഒരു കൊച്ചു ദ്വീപുപോലെ കിടക്കുന്ന പ്രദേശമാണ് ആലപ്പാട് ഗ്രാമം. ഈ തീരപ്രദേശത്ത് വർഷങ്ങളായി തുടരുന്ന തീരമണൽ ഖനനം വൻതോതിൽ മണ്ണൊലിപ്പിന് കാരണമായിട്ടുണ്ട്. 1968 –ൽ കേന്ദ്ര–സംസ്ഥാന പബ്ലിക് ലിമിറ്റഡ് കമ്പനികളായ KMML –ഉം IRE –ഉം ചേർന്ന് ഈ മേഖലയിൽ തീരമണൽഖനനം ആരംഭിച്ചു. റിപ്പോർട്ടുകൾ പ്രകാരം 89.5 ചതുരശ്രമീറ്റർ ഭൂമി ഉണ്ടായിരുന്ന ഈ പ്രദേശം 2019 –ഓടെ വെറും 8 ചതുരശ്രമീറ്റർ സ്ഥലമായി ചുരുങ്ങി. ഈ പ്രദേശം ഇനിയും ക്ഷയിക്കുകയും കായൽ കടൽത്തീരവുമായി ലയിക്കുകയും ചെയ്താൽ ഏറെ വൈകാതെ ആലപ്പാട് എന്ന ഈ പഞ്ചായത്ത് ഭൂപടത്തിൽനിന്നുതന്നെ അപ്രത്യക്ഷമായേക്കാം.

അഭിശ്രീ ആനന്ദ്.
ജി.വി.എച്ച്.എസ്.എസ്. ചെറിയഴീക്കൽ
കൊല്ലം



# റോസി സ്റ്റാർലിങ്

റോസി സ്റ്റാർലിങ് എന്നാണ് പേരെങ്കിലും വളരെ നേർത്ത പിങ്ക് നിറം മാത്രമേ ഇവയുടെ ശരീരത്തിലുള്ളൂ. സ്റ്റാർലിങ് സ്റ്റുണിഡേ, റോസ് കളർ സ്റ്റാർലിങ്, റോസ് കളർ പാസ്റ്റർ എന്നീ പേരുകളിലും അറിയപ്പെടുന്നു. നേരിയ പിങ്കുനിറത്തിലുള്ള ശരീരവും ഇളം ഓറഞ്ച് കാലുകളും കറുത്ത നിറമുള്ള തലയും ചിറകുകളും വാലും ആണ് ഇവയ്ക്കുള്ളത്. ഇണചേരൽകാലത്ത് ആൺപക്ഷികളുടെ തലയിൽ നീളമേറിയ തൂവലുകൾ ഉണ്ടാകാറുണ്ട്. കൂട്ടമായി താമസിക്കാനിഷ്ടപ്പെടുന്നവയാണ് ഈ പക്ഷികൾ. പഴങ്ങൾ, ധാന്യങ്ങൾ, പ്രാണികൾ എന്നിവയാണ് ആഹാരം. മധ്യേഷ്യ, തെക്കുകിഴക്കൻ യൂറോപ്പ് എന്നിവിടങ്ങളിലാണ് ഈ പക്ഷികളെ അധികമായി കാണുന്നത്. ഇന്ത്യയിലെ സ്ഥിരം ശൈത്യകാല സന്ദർശകരാണ് സ്റ്റാർലിങ്ങുകൾ.

എമിലിയ
ഗവ. ഹൈസ്കൂൾ വാളവയൽ
വയനാട്

ഈ ഫോട്ടോ കാണാം



# GAVI

## PATHANAMTHITTA





## GREEN 'REFLECTION' ON PENSTOCK PIPE

സഫ്രീന ബഷീർ
എച്ച്.ഐ.എസ്. ഇംഗ്ലീഷ് സ്കൂൾ
കണ്ണൂർ

മാതൃഭൂമി ആകാശപ്പച്ച
2023 ജൂലായ്

കൃഷിക്കാര്യം

# ലംബ കൃഷി

## Vertical Farming

കാർഷികരംഗത്തെ മാതൃകാപരമായ ഒരു മാറ്റമാണ് വെർട്ടിക്കൽ ഫാമിങ് അഥവാ ലംബകൃഷി. കുത്തനെ അടുക്കിയ പാളികളിൽ വിളകൾ കൃഷിചെയ്യുന്ന രീതിയാണിത്. കെട്ടിടങ്ങൾക്കകത്തും നഗരപ്രദേശങ്ങളിലും മറ്റുമുള്ള പരിമിതമായ കൃഷിഭൂമികളിലും ഉയർന്ന കെട്ടിടങ്ങളിലും നിയന്ത്രിതമായ വിധത്തിൽ ഈ കൃഷി രീതി സാധ്യമാവുന്നു. കാർഷികോത്പാദനം പരമാവധിയാക്കുക എന്ന ആവശ്യത്തിൽ നിന്നാണ് ഈ ആശയം ഉടലെടുത്തത്.



ലംബകൃഷിരീതി, സുസ്ഥിരവും കാര്യക്ഷമവുമായ ഭക്ഷ്യോത്പാദനം വാഗ്ദാനം ചെയ്യുന്നു. അതിന്റെ കാര്യക്ഷമമായ സ്ഥല രൂപകൽപ്പന, വർഷം മുഴുവനുമുള്ള ഉത്പാദനശേഷി, വിഭവ സംരക്ഷണം എന്നിവ പരമ്പരാഗത കൃഷി നേരിടുന്ന വെല്ലുവിളികൾക്കുള്ള പരിഹാരമാണ്. കൃഷിയെ കാലത്തിനനുസരിച്ച് പരിവർത്തനം ചെയ്യുന്നതിനും സുസ്ഥിരമായ ഭക്ഷ്യോത്പാദനം സാധ്യമാക്കുന്നതിനും നഗരവാസികൾക്ക് പ്രാദേശികവും പുതിയതുമായ ഉത്പന്നങ്ങൾ പ്രദാനംചെയ്യുന്നതിനും ലംബ കൃഷി സഹായകമാണ്.

സുരേഷ് ഡി.
ജി.എച്ച്.എസ്.എസ്. ബന്തടുക്ക
കാസർകോട്


സിനിമാപാട്ടിലെ പ്രകൃതി

# എന്റെ കേരളം



*സഹ്യസാനു ശ്രുതി ചേർത്തു വെച്ച*
*മണിവീണയാണെന്റെ കേരളം*
*നീലസാഗരമതിന്റെ തന്ത്രിയി*
*ലുണർത്തിടുന്നു സ്വര സാന്ത്വനം.*

കരുമാടിക്കുട്ടൻ എന്ന സിനിമയിലെ ഗാനമാണിത്. മലയാളക്കരയുടെ മഹിമയും ചാരുതയും എല്ലാം നിറഞ്ഞ് തുളുമ്പുന്നുണ്ട് ഈ പാട്ടിൽ. മലയാളമണ്ണിനോടുള്ള അഭിമാനം നിറയുന്ന ഈ വരികൾ ഓരോ മലയാളിയുടെയും നെഞ്ചിൽ അലയടികൾ തീർക്കുന്നുണ്ടാകും. ഓണനാളുകളിലും കേരളപ്പിറവികളിലും ഈ പാട്ട് ആവർത്തിച്ച് കേൾക്കുന്നതും അതുകൊണ്ടാവണം. കേരളത്തിന്റെ പ്രകൃതിഭംഗി ആഴത്തിൽ കാട്ടിത്തരുന്നുണ്ട് ഈ പാട്ട്. സഹ്യനിരകൾ ശ്രുതിചേർത്തുവെച്ച മണിവീണപോലെ സുഖകരമായ പ്രകൃതിയെയാണ് ഇതിൽ വരച്ചുകാട്ടുന്നത്.



**ഗാനരചന: യൂസഫലി കേച്ചേരി**
**സംഗീതം: മോഹൻ സിത്താര**
**ഗായകൻ: കെ.ജെ. യേശുദാസ്**


ശ്രയ ശ്രീജേഷ്
പനങ്ങാട് സൗത്ത് എ.യു.പി. സ്കൂൾ
കോഴിക്കോട്



# ആശയവിനിമയത്തിലെ ആനക്കാര്യങ്ങൾ

തലയാട്ടി തുമ്പിയാട്ടി കാട്ടിൽ വിഹരിക്കുന്ന ആനകൾ കരയിലെ ഏറ്റവും വലിയ ജീവിയാണല്ലോ. അത് മാത്രമല്ല അവരുടെ പ്രത്യേകത. പരസ്പരം ആശയവിനിമയം നടത്താൻ അതുല്യവും അസാധാരണവുമായ ചില കഴിവുകളുള്ളവർകൂടിയാണ് ആനകൾ. ആന ഉറക്കെ ചിന്നംവിളിക്കുന്നത് നമ്മൾ കേട്ടിട്ടുണ്ട്. എന്നാൽ വേറൊരു രീതിയിൽ  അവ വളരെ ദൂരത്തേക്ക് നമുക്ക് കേൾക്കാൻകഴിയാത്തതരത്തിൽ സന്ദേശങ്ങൾ കൈമാറും. ആനകൾക്ക് വളരെ കുറഞ്ഞ ആവൃത്തിയിൽ (frequency) ശബ്ദം പുറപ്പെടുവിക്കാൻ കഴിയും. മനുഷ്യന് കേൾക്കാൻ സാധ്യമായ പരിധിയിലും താഴെയാണ് ഇത് (20 hertz മുതൽ 20,000 hertz വരെ). ഇങ്ങനെയുള്ള ശബ്ദങ്ങളെ ഇൻഫ്രാസൗണ്ട് എന്ന് വിളിക്കുന്നു. ഈ ശബ്ദതരംഗങ്ങൾ അന്തരീക്ഷത്തിലൂടെയും ഭൂമിക്ക് അടിയിലൂടെയും കിലോമീറ്ററുകളോളം സഞ്ചരിക്കും. ഭൂമിയിലൂടെ വരുന്ന ഈ തരംഗങ്ങൾ മറ്റ് ആനകൾ തങ്ങളുടെ കാലുകളിലൂടെ അറിയുന്നു. ഇങ്ങനെ വളരെ ദൂരെയുള്ള കൂട്ടുകാർക്ക് മറ്റാരും അറിയാതെ ആനകൾ സന്ദേശങ്ങൾ കൈമാറുന്നു. ആനകളുടെ ഈ സംസാരത്തെപ്പറ്റി ഇപ്പോഴും ഗവേഷകർ പഠിച്ചുകൊണ്ടിരിക്കുകയാണ്.

ഫസീഹ് സമാൻ
ലജ്നത്തുൽ മുഹമ്മദീയ എച്ച്.എസ്.എസ്.,
ആലപ്പുഴ

തെറ്റ് ശരി

# കാലൻകോഴി കരഞ്ഞാൽ മരണം ഉറപ്പാണോ?



കാലൻകോഴി കരഞ്ഞാൽ മരണമുണ്ടാവുമെന്നാണ് പഴമക്കാർ പറഞ്ഞിരുന്നത്. ഇന്നും അത് വിശ്വസിക്കുന്നവർ ധാരാളമുണ്ടുതാനും. എന്നാൽ അത് ശരിയല്ല. മൂങ്ങയുടെ വംശത്തിൽപ്പെടുന്ന Mottled Wood Owl ( Strix ocellata) എന്ന പക്ഷിയാണ് കാലൻകോഴി. രാത്രിയിലാണ് ഇവ ഇരതേടിയിറങ്ങുക. മറ്റ് പക്ഷികളിൽനിന്ന് വ്യത്യസ്തമായി ഇവയുടെ ശബ്ദം ആരെയും പേടിപ്പിക്കുന്ന തരത്തിലുള്ളതാണ്. ഇരകളായ ചെറുജീവികൾ ഒളിച്ചിരിക്കുന്ന സ്ഥലത്തുനിന്ന് പേടിച്ച് പുറത്തുചാടാൻവേണ്ടിയാണത്രേ ഈ ശബ്ദം ഉപയോഗിക്കുന്നത്. രാത്രിയിലായതിനാൽ കിലോമീറ്ററുകളോളം അത് കേൾക്കുകയും ചെയ്യും. ഇണയുമായി ആശയവിനിമയം നടത്താനും ഇവ ശബ്ദമുണ്ടാക്കാറുണ്ട്. എലിശല്യം ഒരു പരിധിവരെ ഇല്ലാതാക്കുന്നതിൽ വലിയ പങ്കുവഹിക്കുന്ന പക്ഷികളാണ് മൂങ്ങകൾ. ഈ പക്ഷികൾ കരഞ്ഞാൽ മരണമുണ്ടാവുമെന്ന് പറയുന്നതിൽ യാതൊരു അടിസ്ഥാനവുമില്ല. മരണവീടുകളിലെ നിശ്ശബ്ദതയിൽ ഈ പക്ഷിയുടെ ശബ്ദം നന്നായി കേൾക്കുന്നതുകൊണ്ടായിരിക്കാം ഇങ്ങനെയൊരു വിശ്വാസം വന്നത്.

സന എസ്., ക്ലാസ് 7 സി
ഗാന്ധി സ്മാരക യു.പി. സ്കൂൾ, മംഗലം
പാലക്കാട്.



# നമ്മൾ തന്നെയാണ് പരിഹാരം!

**ലോ**കത്തെ മിക്ക രാജ്യങ്ങളും വളരെ ഗൗരവപൂർണമായി പരിസ്ഥിതിപ്രശ്നങ്ങൾ പഠിക്കുകയും അതിന്റെ വിപത്തുകൾ കുറയ്ക്കാനുള്ള വഴികൾ കണ്ടെത്താൻ ശ്രമിക്കുകയും ചെയ്യുന്നുണ്ട്. മനുഷ്യന്റെ മാത്രമല്ല എല്ലാ ജീവജാലങ്ങളുടെയും നിലനിൽപ്പിനുതന്നെ ഭീഷണിയാവുന്ന പാരിസ്ഥിതികപ്രശ്നങ്ങൾ പ്രതിദിനം വർധിക്കുന്നു. ഈയൊരു പ്രതിസന്ധിഘട്ടത്തിൽ പാരിസ്ഥിതികപ്രശ്നങ്ങൾ സമഗ്രമായി പഠിക്കുകയും പ്രശ്നപരിഹാരമാർഗങ്ങൾ കണ്ടെത്തുകയും ചെയ്യേണ്ടത് നമ്മുടെ സാമൂഹിക, ധാർമിക ഉത്തരവാദിത്വത്തിന്റെ ഭാഗമാണ്. പാടം നികത്തിയാലും മണൽ വാരി പുഴ നശിച്ചാലും മാലിന്യക്കൂമ്പാരങ്ങൾ കൂടിയാലും കുന്നിടിച്ചാലും ഞങ്ങൾക്ക് യാതൊരു പ്രശ്നവുമില്ല എന്ന് കരുതുന്നവരുടെ കാഴ്ചപ്പാടുകൾ മാറേണ്ടതാണ്. ഇത് നമ്മുടെ പ്രശ്നമാണെന്ന് കരുതി ബോധപൂർവമായി ഇടപെട്ട് ഭൂമിയമ്മയെ സംരക്ഷിക്കാൻ നാം ഓരോരുത്തരും തയ്യാറായില്ലെങ്കിൽ നമ്മുടെ മക്കൾക്ക് ഈ ഭൂമി, വാസയോഗ്യമല്ലാതായിമാറും.

ലക്ഷ്മി എസ്. നായർ
നവ നിർമാൺ പബ്ലിക് സ്കൂൾ
വാഴക്കാല, കൊച്ചി

പൂവറിവ്

# കിലുക്കിച്ചെടി





നമ്മുടെ നാട്ടിൻപുറങ്ങളിൽ സാധാരണമായി കാണുന്ന ഒരു കുറ്റിച്ചെടിയാണ് ശലഭങ്ങളുടെ കൂട്ടുകാരി എന്നറിയപ്പെടുന്ന കിലുക്കിച്ചെടി. നീളമുള്ള ഇലകളും മഞ്ഞനിറത്തിലുള്ള പൂക്കളുമുള്ള ഈ ചെടി പൂമ്പാറ്റച്ചെടി, കിലുക്കാംപെട്ടിച്ചെടി, ചണ എന്നീ പേരുകളിലും അറിയപ്പെടുന്നു. ഇതിന്റെ ഉണങ്ങിയ വിത്ത് കുലുക്കുമ്പോൾ ശബ്ദം കേൾക്കുന്നതിനാലാണ് കിലുക്കിച്ചെടി എന്ന പേര് വന്നത്. ഇതിന്റെ പൂക്കൾ പൂമ്പാറ്റകളെ ആകർഷിക്കുന്നു. ഈ ചെടിയുടെ തണ്ടിലും ഇലകളിലും ശലഭങ്ങൾക്ക് ആവശ്യമായ ആൽക്കലോയിഡുകൾ അടങ്ങിയിട്ടുണ്ട്. ഇത് നീലക്കടുവശലഭങ്ങൾക്ക് വളരെ പ്രിയമാണ്. ആൽക്കലോയിഡ് നുണയുന്നതിനായി ശലഭങ്ങൾ കൂട്ടമായി ഈ ചെടിയിൽ വരാറുണ്ട്. ശലഭോദ്യാനങ്ങൾ ഒരുക്കുന്നവർക്ക് വളരെ പ്രിയപ്പെട്ട ചെടിയാണിത്.

നാസിയ നൗഷാദ്
സി.എം.എസ്. ഹയർ സെക്കൻഡറി സ്കൂൾ
മല്ലപ്പള്ളി, പത്തനംതിട്ട

വർണച്ചിറക്

കവിത



# നീയെത്ര മനോഹരി

തെളിനീരുമായൊഴുകും പുഴയും
പച്ചപ്പുതപ്പുപോൽ പാടവും
ഗ്രാമത്തിന് കാവലാം തെങ്ങിൻതോപ്പും
സ്വർണത്തേൻകുടവുമായ് നിൽക്കും മാങ്കൂട്ടവും
പുലരൊളിയാൽ മിന്നും
പുൽത്തുമ്പിലെ മഞ്ഞിൻ കണങ്ങളും
കിളിക്കൊഞ്ചലും
പൂക്കാൻ കൊതിക്കും ചില്ലകൾ
ക്കാനന്ദമേകിയെത്തും വസന്തവും
ഇരുണ്ട മേഘങ്ങൾക്കിടയിലൂടെ
വെളുത്ത മുത്തുകൾ പെയ്യിക്കും
കാലവർഷവും
നിലാവും പകലോന്റെ പൊൻപ്രഭയും
നീ ഞങ്ങൾക്കേകിയ വരമല്ലയോ!

അജന്യ വിജയൻ
ഗാന്ധി സ്മാരക ഹൈസ്കൂൾ,
അഷ്ടമിച്ചിറ, തൃശ്ശൂർ

വർണച്ചിറക്
കഥ

# എന്റെ ചാമ്പമരം

പണ്ടുകാലത്ത് മുത്തശ്ശിമാര് പറഞ്ഞുപഠിപ്പിച്ചൊരു കാര്യമുണ്ടായിരുന്നു. ഒരു കുട്ടി ജനിച്ചാലോ അവരുടെ പിറന്നാൾ വന്നാലോ വീട്ടിലൊരു മരം നടണം. കുഞ്ഞുമക്കളെക്കൊണ്ട് ആ മരത്തിനെ പരിപാലിക്കാൻ ശീലിപ്പിക്കും. അങ്ങനെ എന്റെ പിറന്നാളിനും കിട്ടി ഒരു ചാമ്പത്തൈ. വളരെ സന്തോഷത്തോടെ ഞാനാ മരം നട്ടു. എല്ലാ ദിവസവും ഞാനതിനെ പരിപാലിച്ചു പോന്നു. അതിന്റെ ഇലകൾ വളരുന്നതും ശിഖരങ്ങൾ വരുന്നതും വളരെ അദ്ഭുതത്തോടെഞാൻനോക്കിക്കണ്ടു.അങ്ങനെ മാമ്പഴക്കാലം വന്നെത്തി. ചേട്ടന്മാര് വെച്ച മാവിൽ നിറയെ പലതരത്തിലുള്ള മാമ്പഴങ്ങളായി. മഴയുടെ ഒപ്പം വിരുന്നുവരുന്ന കാറ്റ് അതിലുള്ള മാമ്പഴക്കുട്ടന്മാരെ തള്ളിയിട്ട് ഓടിയൊളിക്കും. താഴെയെത്തുന്ന മാമ്പഴങ്ങളെല്ലാം ഞങ്ങൾക്കും ചില്ലയിലുള്ളത് അണ്ണാറക്കണ്ണന്മാർക്കും. അപ്പോഴും എന്റെ സങ്കടം ഞാൻ വെച്ച ചാമ്പമരത്തിൽ പൂവോ, കായോ വരാത്തതിലായിരുന്നു. അങ്ങനെ മാമ്പഴക്കാലം തീരാറായി. ഒരുദിവസം ഉറക്കമുണർന്ന് വന്ന എനിക്ക് നല്ലൊരു കണി തന്നു എന്റെ ചാമ്പമരം. മഴവെള്ളം വീണ മരച്ചില്ലയിൽ അതാ വെള്ളത്തുള്ളികൾ വീണ് തിളങ്ങുന്ന ചുവന്നുതുടുത്ത ഒരു കുല ചാമ്പങ്ങ. സന്തോഷംകൊണ്ട് എന്റെ മുഖത്ത് ചിരി വിടർന്നു. ഉപ്പും കൂട്ടി ചെറുപുളിയുള്ള ചാമ്പങ്ങ കഴിക്കുന്നത് ഓർത്തപ്പോഴേ വായിൽ വെള്ളമൂറി. പ്രകൃതി നമുക്കായി എന്തൊക്കെ അദ്ഭുതങ്ങളാണ് ഒളിപ്പിച്ചുവെച്ചിരിക്കുന്നത്. നമ്മൾ ഭാഗ്യമുള്ളവരാണ്.



അഭിരാമി പി. മജേഷ്
സെന്റ് ജോസഫ്സ് സി.ജി.എച്ച്.എസ്.
കോട്ടയം

designed by freepik.com

Mathrubhumi Seed
Student Empowerment for Environmental Development
IN PARTNERSHIP WITH FEDERAL BANK

# മാതൃഭൂമി ആകാശപ്പച്ച




ആകാശപ്പച്ചയിലേക്കുള്ള
രചനകളും നിർദേശങ്ങളും
akashapacha@mpp.co.in
എന്ന വിലാസത്തിലേക്ക്
അയക്കാം
വിശദവിവരങ്ങൾക്ക്
സീഡ് ജില്ലാ കോ-
ഓഡിനേറ്റർമാരോട്
സംസാരിക്കാം.

Published by Mathrubhumi Seed